LIBRARY ARCHIVES Kerala Legislative Assembly

മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

18 (8078) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മഴക്കാല പൂർവ്വരോഗനിയന്ത്രണത്തിന് നേതൃത്വം നൽകുവാൻ ആലപ്പുഴ നഗരസഭയിൽ എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാണ്;

(ബി) മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി ആലപ്പുഴ നഗരസഭയിൽ കൂടുതൽ ആരോഗ്യപ്രവർത്തകരെ താൽക്കാലികമായി നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ നഗരസഭയുടെ പരിധിയിൽ വരുന്ന ജില്ലാ ആശുപത്രി, ഡബ്ല്യു & സി ആശുപത്രി എന്നിവിടങ്ങളിലായി ആരോഗ്യ വകുപ്പിന്റെ 4 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാണ്. ഇതിൽ 2 പേർ മഴക്കാല പ്രതിരോധ പ്രവർത്തനങ്ങൾക്കായി താൽക്കാലികമായി നിയമിക്കപ്പെട്ടവരാണ്.

(ബി) ആലപ്പുഴ നഗരസഭാ പ്രദേശത്ത് നിലവിലെ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിന്റെ 4 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നുണ്ട്. അടിയന്തര സാഹചര്യം ഉണ്ടായാൽ കൂടുതൽ ആരോഗ്യ പ്രവർത്തകരെ നിയമിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

മഴക്കാല പൂർവ്വശുചീകരണത്തിനായി ചെലവഴിച്ച തുക

19 (8079) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നടപ്പുസാമ്പത്തിക വർഷം മഴക്കാല പൂർവ്വശുചീകരണത്തിനായി ആരോഗ്യവകുപ്പ് ഓരോ ജില്ലയിലും എത്ര തുക നൽകിയിരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിനകം ഇതിൽ എത്ര തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നടപ്പുസാമ്പത്തിക വർഷം (2014-15) ചെലവഴിച്ച കണക്കിന്റെ വിശദാംശമായതിനാൽ, ചെലവഴിച്ച ഇക സംബന്ധിച്ച കണക്കുകൾ ജില്ലകളിൽ നിന്നും ലഭ്യമായിട്ടില്ല.

എച്ച് 1, എൻ 1 പനിക്കുള്ള മരുന്ന്

20 (8080) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സർക്കാർ ആശുപത്രികളിൽ എച്ച് 1 എൻ 1 പനിക്കുള്ള മരുന്ന് ലഭ്യമല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ ; എങ്കിൽ ഇതു പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(ബി) ഈ രോഗത്തിനുള്ള മരുന്നു വിതരണം കേന്ദ്ര സർക്കാർ നിർത്തിയോ ; എങ്കിൽ അത് പുനഃസ്ഥാപിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ ?

ഉത്തരം

(എ) കേരളത്തിലെ എല്ലാ ജില്ലകളിലും എച്ച് 1 എൻ1 പനിക്കുള്ള മരുന്ന് ലഭ്യമാണ്. സ്റ്റോക്ക് കുറയുന്ന മുറയ്ക്ക്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും കൂടുതൽ മരുന്ന് ജില്ലകൾക്ക് നൽകിവരുന്നു.

(ബി) ഇപ്പോൾ കേന്ദ്ര സർക്കാർ, ഉള്ള സ്റ്റോക്കിൽ നിന്ന് സംസ്ഥാനത്തിന് മരുന്ന് നൽകുന്നത് തുടർന്നുവരുന്നു. ഭാവിയിൽ ഈ വിതരണം ഉണ്ടാകില്ലെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. പകരം വേണ്ട സംവിധാനം, സംസ്ഥാനം, കെ.എം.എസ്.സി.എൽ.വഴി നടത്തിയിട്ടുണ്ട്. അടിയന്തര ആവശ്യങ്ങൾ ഉണ്ടായാൽ, ഡി.എം.ഒ. മാർക്ക് നൽകിയിട്ടുള്ള പകർച്ചവ്യാധി നിയന്ത്രണത്തിനാവശ്യമുള്ള മരുന്നുകൾ വാങ്ങാനുള്ള ഫണ്ടിൽനിന്നും ഇക ചെലവഴിച്ച് മരുന്ന് വാങ്ങി സംഭരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

എച്ച് 1, എൻ 1 പനിക്കുള്ള മരുന്ന്

21 (8081) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എച്ച് വൺ എൻ വൺ പനിക്കുള്ള മരുന്ന് നൽകുന്നതിൽനിന്ന് കേന്ദ്രസർക്കാർ പിൻമാറിയതുമൂലം സംസ്ഥാനത്തെ ആശുപത്രികളിൽ പ്രസ്തുത രോഗത്തിനുള്ള മരുന്ന് ലഭ്യമല്ലാത്തത് പരിശോധിച്ചിട്ടുണ്ടോ എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly